പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.692

10.03.2015 ൽ
മറുപടിയ്ക്ക്

## മിഷൻ 676-ൽ യുവജനക്ഷേമ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. വി.റ്റി. ബൽറാം: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) യുവജന മുന്നേറ്റം ലക്ഷ്യമാക്കി മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (എ), (ബി), (സി)<br>യുവജന മുന്നേറ്റം ലക്ഷ്യമാക്കി മിഷൻ 676 - ൽ ഉൾപ്പെടുത്തിയ പദ്ധതികൾ, അവയുടെ നടത്തിപ്പ് എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. ടി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| ബി) ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ ; | |
| സി) പ്രസ്തുത പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ

അനുബന്ധം

## മിഷൻ 676

## കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സ്വീകരിച്ച നടപടികൾ

### ജോബ് ഫെയർ

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം എറണാകുളം, വയനാട് എന്നീ ജില്ലകളിൽ ജോബ് ഫെയറുകൾ സംഘടിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ജോബ് ഫെയർ 2011 സെപ്റ്റംബർ 6, 7 തീയതികളിൽ തിരുവനന്തപുരം സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് ബിഗ് ലീപ് ഈവന്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുകയുണ്ടായി. 14 പ്രമുഖ കമ്പനികൾ ഇതിൽ പങ്കെടുക്കുകയുണ്ടായി. ഈ ജോബ് ഫെസ്റ്റിൽ 621 ഉദ്യോഗാർത്ഥികൾക്ക് ജോബ് ഓഫറിംഗ് ലെറ്റർ നൽകിയിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ ജോബ് ഫെയർ 2013 മെയ് 31, ജൂൺ 1 തീയതി എന്നീ തീയതികളിൽ അരൂർ നിയോജക മണ്ഡലത്തിൽ സംഘടിപ്പിക്കുകയുണ്ടായി. ഇതിൽ 36 പ്രമുഖ കമ്പനികൾ പങ്കെടുക്കുകയുണ്ടായി. 5019 പേർ ഈ പരിപാടിയിൽ രജിസ്റ്റർ ചെയ്തിരുന്നു.

എറണാകുളം ജില്ലയിലെ ജോബ് ഫെസ്റ്റ് യുവജനക്ഷേമ ബോർഡും മലയാള മനോരമയും സംയുക്തമായി 2011 മെയ് 11, 12 തീയതികളിൽ ശിവക്ഷേത്ര മൈതാനിയിൽ വച്ച് സംഘടിപ്പിക്കുകയുണ്ടായി. ഇതിൽ 22 ഐ.റ്റി കമ്പനികളും 19 ഡിജിറ്റൽ മീഡിയാ കമ്പനികളും പങ്കെടുക്കുകയുണ്ടായി. പ്രസ്തുത ജോബ് ഫെയറിൽ 500 പേർ ഇന്റർവ്യൂവിന് യോഗ്യത നേടി 225 പേർക്ക് സ്പോട്ട് ജോബ് ഓഫറിംഗ് ലെറ്റർ നൽകിയിട്ടുണ്ട്.

വയനാട് ജില്ലയിലെ ജോബ് ഫെയർ 2012 മെയ് 12-ാം തീയതി മാനന്തവാടി ലിറ്റിൽ ഫ്ളവർ യു.പി. സ്കൂളിൽ വച്ച് ജി-ടെക് എഡ്യൂക്കേഷൻ സെന്ററിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ 26 കമ്പനികൾ പങ്കെടുത്തു. 1666 പേർക്ക് ജോബ് ഓഫറിംഗ് ലെറ്റർ നൽകുകയും 780 പേർ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുകയും 395 പേർക്ക് ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ അരൂർ നിയോജക മണ്ഡലത്തിൽ 2014 ആഗസ്റ്റ് 16-ാം തീയതി ജോബ് ഫെയർ സംഘടിപ്പിക്കുകയുണ്ടായി. അതിൽ 4,943 പേർ പങ്കെടുക്കുകയും 2,631 പേർ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ജോബ് ഫെയറിൽ വിവിധ മേഖലകളിലെ 36 കമ്പനികൾ പങ്കെടുക്കുകയുണ്ടായി.

കോട്ടയം ജില്ലയിൽ 2015 ഫെബ്രുവരി 20, 21 തീയതികളിൽ ജോബ് ഫെയർ സംഘടിപ്പിച്ചു കഴിഞ്ഞു. ഇതിൽ 37 കമ്പനികൾ പങ്കെടുത്തു.

### ആസ്ഥാന മന്ദിര നിർമ്മാണം

24-12-2012 ലെ മൃഗസംരക്ഷണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) 289/12/കാ.യു.വ. ഉത്തരവ് പ്രകാരം തിരുവനന്തപുരം കുടപ്പനക്കുന്ന് വില്ലേജിൽ ദൂരദർശൻ കേന്ദ്രത്തിനും കർഷക പരിശീലന കേന്ദ്രത്തിനും മദ്ധ്യേ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന് അനുവദിച്ച സ്ഥലത്തിനോട് ചേർന്നുള്ള 50 സെന്റ് സ്ഥലം ബോർഡിന്റെ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി അനുവദിക്കുകയും, M/s. HLL Life Care Ltd. നെ കെട്ടിട നിർമ്മാണ കരാർ ഏൽപ്പിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയുമാണ്.

### യൂത്ത് ഭവൻ, വയനാട്

വയനാട് ജില്ലയിലെ പനമരം വില്ലേജിൽ സർക്കാർ ഉത്തരവ് പ്രകാരം 50 സെന്റ് സ്ഥലം പനമരം പഞ്ചായത്ത് സൗജന്യമായി യൂത്ത് ഭവൻ നിർമ്മിക്കുന്നതിന് കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിന് അനുവദിക്കുകയും 2.5 കോടി ചെലവ് പ്രതീക്ഷിക്കുന്ന ഹോസ്റ്റലിന്

ഭരണാനുമതി നൽകുകയും M/s. SIDCO യെ പണി ഏൽപ്പിക്കുകയും ചെയ്തു. അഡ്വാൻസ് തുകയായി Rs.1.25 crore M/s. SIDCO യ്ക്ക് നൽകുകയും ചെയ്തു.

## സാഹസിക അക്കാഡമി, ദേവികുളം

ദേശീയ സാഹസിക അക്കാഡമി, ദേവികുളത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## സംരംഭകത്വ വികസന പദ്ധതി

കേരളത്തിലെ യുവജനങ്ങളുടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകരുടെ കഴിവ് വളർത്തി അവരെ സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രാപ്തരാക്കുന്നതിനുംവേണ്ടിയുള്ള സംരംഭകത്വ വികസന പദ്ധതിയുടെ ആദ്യഘട്ടം Enterpreneurship Development Institute of India യുടെ സഹകരണത്തോടെ സംഘടിപ്പിക്കുകയുണ്ടായി. 18 പരിശീലന ക്ലാസ്സുകളിലായി 498 പേർ ഗുണഭോക്താക്കളായി. ഇതിൽ 200 ഓളം പേർ സംരംഭകത്വ യൂണിറ്റുകൾ രൂപീകരിച്ചു. 2-ാം ഘട്ടമായി കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം എന്നീ 8 ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

## യുവജന പഠന ഗവേഷണ കേന്ദ്രം

12/8/2014 ൽ ബഹു.കേരള മുഖ്യമന്ത്രി യുവജന പഠന ഗവേഷണ കേന്ദ്രം ഉദ്ഘാടനം ചെയ്യുകയുണ്ടായി. യുവജനങ്ങളെ സംബന്ധിച്ച സാമൂഹ്യ,സാമ്പത്തിക, വിദ്യാഭ്യാസ, തൊഴിൽപരമായ വിവരങ്ങൾ ശേഖരിച്ച് ഒരു സ്ഥിതി വിവര കണക്ക് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

## ജീവദായിനി - സമഗ്ര രക്തദാന പദ്ധതി

ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നടത്തുവാൻ തീരുമാനിച്ചു. യൂത്ത് ക്ലബ്ബുകൾ, എൻ.എസ്.എസ്, എൻ.സി.സി എന്നിവരുടെ സഹകരണത്തോടെയാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനതല ഉദ്ഘാടനം 2015 മാർച്ച് അവസാന വാരം തിരുവനന്തപുരത്ത് വച്ച് നടത്തുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ